പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1301 08.02.2013-ലെ മറുപടിക്ക്

## മിച്ചഭൂമി സമരം

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | മറുപടി<br>ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മിച്ചഭൂമി പിടിച്ചെടുക്കുമെന്ന പ്രഖ്യാപനവും മിച്ചഭൂമിയിൽ കുടിൽകെട്ടിയും ചെയ്യു സമരം ജനുവരി 1 മുതൽ നടന്നത് സർക്കാരിന്റെ ശ്രദ്ധയിൽവന്നിരുന്നുവോ; | (എ) | വന്നിരുന്നു. |
| (ബി) | എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം നടത്തിയത് എന്ന് അറിയിച്ചിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഭൂപരിഷ്കരണം അട്ടിമറിക്കപ്പെടുന്നത് തടയണമെന്നും ഒരു കുടുംബത്തിന് പരമാവധി കൈവശം വയ്ക്കാവുന്ന 15 ഏക്കറിൽ അധികമുള്ള ഭൂമി സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും നെൽവയൽ നീർത്തട സംരക്ഷണ നിയമം സർക്കാർ അട്ടിമറിക്കുന്നു എന്ന് ആരോപിച്ച കൊണ്ടുമാണ് സംസ്ഥാന വ്യാപകമായി സമരം നടന്നത്. |
| (സി) | സമരം അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും ചർച്ചകൾ നടന്നിരുന്നുവോ; എങ്കിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത് എന്ന് വ്യക്തമാക്കുമോ; | (സി) | നടന്നിരുന്നു. |
| (ഡി) | കുടിൽ കെട്ടി സമരം നടത്തിയ ഭൂമികൾ ഈ സർക്കാരിന്റെ കാലത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ചതാണോ അതോ കഴിഞ്ഞ സർക്കാരുകളുടെ കാലത്തും മിച്ചഭൂമിയായി നിലനിന്നത് തന്നെയാണോ എന്ന് വ്യക്തമാക്കുമോ; | (ഡി) | രണ്ടും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഇ) | അർഹതപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ? | (ഇ) | രണ്ടായിരത്തി പതിനഞ്ചാമാണ്ടോട് കൂടി കേരള സംസ്ഥാനത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് ഭൂരഹിതരില്ലാത്ത കേരളം -2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതാണ് . പ്രസ്തുത പദ്ധതി പ്രകാരം, ലഭ്യമായ അപേക്ഷകളിൽ വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ പ്രാഥമിക പരിശോധന പൂർത്തിയാക്കി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് ടി പദ്ധതിയുടെ വെബ്സൈറ്റ് ആയ www.zerolandless.kerala.gov.in/public corner ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം അർഹരായ മുഴുവൻ |

| | | | |
|---|---|---|---|
| | | | അപേക്ഷകർക്കും വീട് വയ്ക്കുന്നതിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ ലഭ്യത ജില്ലാ തലത്തിൽ പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിനായി വിശദമായ സർവ്വേ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ